## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3042 — 15/02/2013-ൽ മറുപടിയ്ക്ക്

### അക്വയർ ചെയ്ത ഭൂമിയിലെ കയ്യേറ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) വിവിധ പദ്ധതികൾക്കു വേണ്ടി അക്വയർ ചെയ്യുന്ന ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ അതൊഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ പദ്ധതികൾക്ക് വേണ്ടി അക്വയർ ചെയ്യുന്ന ഭൂമി നിയമാനുസരണം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് കൈമാറിക്കഴിഞ്ഞാൽ പ്രസ്തുത ഭൂമിയുടെ സംരക്ഷണം ടി വകുപ്പിൽ നിക്ഷിപ്തമാണ്. നിശ്ചിത ആവശ്യത്തിന് ഏറ്റവും അത്യാവശ്യമായ അളവ് ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നത് എന്ന് ഉറപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതി അംഗീകാരം നൽകിയതിനു ശേഷം മാത്രമേ ഇപ്പോൾ ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) അക്വയർ ചെയ്ത ഭൂമി യഥാകാലം ഉദ്ദിഷ്ട ആവശ്യത്തിന് ഉപയോഗപ്പെടുത്താതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ ഭൂമി ഉടമകൾക്ക് തിരിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) | 15-11-2011-ലെ ജി.ഒ. (എം.എസ്) 419/2011/റവ ഉത്തരവ് പ്രകാരം ഏറ്റെടുത്ത ഭൂമി മൂന്ന് വർഷത്തിനുള്ളിൽ ഉപയോഗിച്ചില്ലെങ്കിൽ ടി ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്ത് മറ്റ് പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒരിക്കൽ ഏറ്റെടുത്ത ഭൂമി ഉടമകൾക്ക് തിരിച്ചു നൽകുവാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ.